## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിന് ഓണററി ഡോക്ട്രേറ്റ് നൽകി ആദരിച്ച് അൾജീരിയൻ സർവ്വകലാശാല.
2. വയനാട് ലോക്സഭാ മണ്ഡലത്തിലേയും, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേയും ഉപതെരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. മൂന്നിടത്തും നവംബർ - 13 ന് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ.
3. മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് ഒറ്റഘട്ടമായി അടുത്ത മാസം 20 ന്. ജാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പ് നവംബർ 13-നും 20-നും രണ്ട് ഘട്ടങ്ങളിലായി.
4. പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച പ്രതിപക്ഷ ഉപക്ഷേപം നിയമസഭ ചർച്ചയ്ക്ക് ശേഷം തള്ളി.
5. കണ്ണൂർ എഡിഎം നവീൻ ബാബുവിൻറെ മരണത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് മന്ത്രി കെ രാജൻ. എഡിഎമ്മിൻറെ മരണത്തിൽ ജില്ലാ കലക്ടർ റവന്യൂമന്ത്രിക്ക് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചു.

RNU TVPM

6. സംസ്ഥാനത്ത് അടുത്ത ഒരാഴ്ച വ്യാപക മഴയ്ക്ക് സാധ്യത. മലപ്പുറം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നിർദേശം

☸☸☸☸☸☸☸☸☸☸

രാഷ്ട്രപതി - സന്ദർശനം

രാഷ്ട്രപതി ദ്രൗപതി മുർമ്മുവിന് രാഷ്ട്രതന്ത്രത്തിൽ ഓണററി ഡോക്ട്രേറ്റ് നൽകി ആദരിച്ച് അൾജീരിയയിലെ സിദി അബ്ദുല്ല സയൻസ് ആൻഡ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റി. ലോക സമാധാനത്തിനായ് നിലകൊള്ളുന്ന തന്റെ രാജ്യത്തിനുള്ള ബഹുമതിയാണിതെന്ന് ശ്രീമതി മുർമു പറഞ്ഞു. തുല്യ അവസരം പ്രോത്സാഹിപ്പിക്കുന്നതിൽ വിദ്യാഭ്യാസത്തിന് സുപ്രധാന പങ്കുണ്ടെന്ന് രാഷ്ട്രപതി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸

ഉപതെരഞ്ഞെടുപ്പ്-രാജീവ് കുമാർ (ഇൻട്രോ)

RNU TVPM

കേരളത്തിലെ ഉപതെരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിലേക്കും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നവംബർ 13-ന് നടക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മൂന്നിടത്തും നവംബർ 23നാണ് വോട്ടെണ്ണൽ.
(ഹോൾഡ് - വോയിസ്)

ഇതിനു പുറമെ മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് ഒറ്റഘട്ടമായി അടുത്ത മാസം 20 നും ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് നവംബർ 13-നും 20-നും രണ്ട് ഘട്ടങ്ങളിലായി നടക്കും.

☸☸☸☸☸☸☸☸☸☸

ഉപതിര.ബാഗ്രൗണ്ട്

നിയമസഭാ - ലോക്സഭാ ഉപതിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചതോടെ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ സ്ഥാനാർത്ഥി

നിർണയ ചർച്ചകൾ സജീവമാകും. ലോക്സഭാ തിരഞ്ഞെടുപ്പിലെ വിജയത്തിന് ശേഷം കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി റായ്ബറേലി സീറ്റ് തിരഞ്ഞെടുക്കുകയും വയനാട് സീറ്റ് ഒഴിയുകയും ചെയ്തതോടെയാണ് മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. എം.എൽ.എ. ആയിരുന്ന ഷാഫി പറമ്പിൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ വടകരയിൽ നിന്ന് വിജയിച്ചതോടെയാണ് പാലക്കാട് ഉപതിരഞ്ഞെടുപ്പിലേക്ക് പോകുന്നത്. ചേലക്കരയിലെ എം.എൽ.എ. ആയിരുന്ന കെ.രാധാകൃഷ്ണൻ ആലത്തൂരിൽ നിന്ന് ലോക്സഭയിലേക്ക് വിജയിച്ചതോടെയാണ് ഇവിടെ ഉപതെരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്.

☸☸☸☸☸☸☸☸☸☸

**നിയമസഭ സമാപനം**

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ഈ മാസം നാലിന് ആരംഭിച്ച സമ്മേളനത്തിൽ എട്ട് ദിവസമാണ് സഭ ചേർന്നത്. കന്നുകാലി പ്രജനന ബിൽ, ക്ലിനിക്കൽ സ്ഥാപന ഭേദഗതി ബിൽ തുടങ്ങിയ സുപ്രധാന ബില്ലുകൾ ഇക്കാലയളവിൽ സഭ പാസ്സാക്കി. വയനാട്, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ടായിരുന്നു പന്ത്രണ്ടാം സമ്മേളനം ആരംഭിച്ചത്. സമ്മേളന കാലയളവിൽ പ്രതിപക്ഷം കൊണ്ടുവന്ന ആറ് സഭ നിർത്തിവയ്ക്കൽ ഉപക്ഷേപ നോട്ടീസുകളിൽ അഞ്ചിലും സർക്കാർ ചർച്ചക്ക് സന്നദ്ധത അറിയിച്ചു. വയനാടിന് അടിയന്തര സാമ്പത്തിക സഹായം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയത്തിനും നിയമസഭ ഐകകണ്ഠേന അംഗീകാരം നൽകി. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണം, വഖഫ് നിയമ ഭേദഗതി ബിൽ എന്നിവയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന രണ്ട് പ്രമേയങ്ങളും സഭ പാസാക്കി.

☸☸☸☸☸☸☸☸☸☸

**അടിയന്തര പ്രമേയം**

സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം നിയമസഭ ചർച്ചയ്ക്ക്

PRUTVPM

ശേഷം തള്ളി. ധനകാര്യ പ്രതിസന്ധിയോ, ധനപരമായ പിന്നോട്ടുപോക്കൊ ഇല്ലെന്ന് ഉപക്ഷേപത്തിന് മറുപടി നൽകിക്കൊണ്ട് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. കേരള രൂപീകരണത്തിന് ശേഷമുള്ള ഏറ്റവും കനത്ത ധന പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽനാടനാണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ചർച്ചയ്ക്കിടെ കണ്ണൂർ ADM ന്റെ മരണവുമായി ബന്ധപ്പെട്ട് സർക്കാർ നിലപാട് വ്യക്തമാക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്ക്കരിച്ചു.

☸☸☸☸☸☸☸☸☸☸

**ഡിജിറ്റൽ സേവനങ്ങൾ**

സംസ്ഥാനത്തിന്റെ സാമ്പത്തിക സുരക്ഷയ്ക്ക് രജിസ്ട്രേഷൻ മേഖലയിലെ ഡിജിറ്റൽ സേവനങ്ങൾ സഹായകരമാകുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. സമ്പൂർണ ഇ-സ്റ്റാമ്പിംഗ് സേവനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിയമസഭ സെമിനാർ ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. വെണ്ടർമാരുടെ തൊഴിൽ നഷ്ടം പരിഗണിച്ച് അവരുടെ വരുമാനം നിലനിർത്തിയാണ് സേവനങ്ങൾ നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

☸☸☸☸☸☸☸☸☸☸

**നേമം,കൊച്ചു വേളി**

തിരുവനന്തപുരം നേമം, കൊച്ചുവേളി റെയിൽവേ സ്റ്റേഷനുകളുടെ പേര് മാറ്റം നിലവിൽ വന്നു. കൊച്ചുവേളി ഇനി മുതൽ തിരുവനന്തപുരം നോർത്തെന്നും നേമം തിരുവനന്തപുരം സൗത്തെന്നും ആയിരിക്കും അറിയപ്പെടുക. പേര് മാറ്റം സംബന്ധിച്ച് സംസ്ഥാന സർക്കാരിൻറെ അപേക്ഷ റെയിൽവേ ബോർഡ് അംഗീകരിച്ചു.

☸☸☸☸☸☸☸☸☸☸

**എഡിഎം - നിയമസഭ**

കണ്ണൂർ എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ സമഗ്ര അന്വേഷണം അടിയന്തരമായി നടത്തുമെന്ന് മന്ത്രി കെ രാജൻ.

സംഭവം ദൗർഭാഗ്യകരമാണെന്നും സർക്കാർ ഗൗരവത്തോടെയാണ് വിഷയത്തെ കാണുന്നതെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു. സംഭവത്തിൽ സർക്കാർ ഒരാളെയും ന്യായീകരിക്കാനില്ലെന്ന് മന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁

**കണ്ണൂർ എ.ഡി.എം**

കണ്ണൂർ എഡിഎം കെ നവീൻ ബാബുവിന്റെ മരണം സംബന്ധിച്ച് ജില്ലാ കലക്ടർ, റവന്യു മന്ത്രിക്ക് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉന്നയിച്ച വിഷയം സംബന്ധിച്ച് രേഖാമൂലമുള്ള പരാതിയൊന്നും ലഭിച്ചിട്ടില്ലെന്ന് കലക്ടർ റിപ്പോർട്ടിൽ അറിയിച്ചു. അതെസമയം, കെ നവീൻ ബാബുവിന്റെ മൃതദേഹം പരിയാരം മെഡിക്കൽ കോളജിൽ പോസ്റ്റ് മോർട്ടം നടത്തി. മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങും.

❁❁❁❁❁❁❁❁❁❁

**പ്രതിപക്ഷ നേതാവ് - എ.ഡി.എം ആത്മഹത്യ**

PNU TVPM

കണ്ണൂരിലെ ADM മരിച്ച സംഭവത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യയുടെ ഭാഗത്തു നിന്നുണ്ടായത് മനപ്പൂർവമായി അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സംഭവത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്റിന്റെ പങ്ക് അന്വേഷിക്കണമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁

**കണ്ണൂർ എ.ഡി.എം-പ്രതിഷേധം**

എ.ഡി.എം ന്റെ മരണത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഫീസിലേക്ക് യുവമോർച്ചയും, കോൺഗ്രസ് ജില്ലാ കമ്മിറ്റിയും മാർച്ച് നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റിന് എതിരെ കൊലകുറ്റത്തിന് കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ നാളെ രാവിലെ 6 മുതൽ വൈകുന്നേരം 6

വരെ ബിജെപി ഹർത്താൽ ആചരിക്കും. അവശ്യ സർവീസുകളെയും വാഹനങ്ങളെയും ഹോട്ടലുകളെയും ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁

**മഴ - സംസ്ഥാനം**

രാജ്യത്ത് നിന്ന് കാലവർഷം പൂർണമായും പിന്മാറിയാതായും തെക്ക് കിഴക്കൻ ഇന്ത്യയിൽ തുലാവർഷം ആരംഭിച്ചതായും കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത് അടുത്ത ഒരാഴ്ച വ്യാപക മഴയ്ക്ക് സാധ്യത. മലപ്പുറം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മലപ്പുറം, കണ്ണൂർ ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁

RNU TVPM

**ശബരിമല-ഇൻട്രോ**

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയിസ്)

❁❁❁❁❁❁❁❁❁❁

**നവരാത്രി വിഗ്രഹങ്ങൾ**

തിരുവനന്തപുരം നഗരത്തിലെ ആഘോഷങ്ങൾക്ക് ശേഷം നവരാത്രി വിഗ്രഹങ്ങൾ പദ്മനാഭപുരത്തേക്ക് മടങ്ങി.സരസ്വതി ദേവിയെ ആനപ്പുറത്തും കുമാരസ്വാമി, മുന്നൂറ്റിനങ്ക എന്നീ വിഗ്രഹങ്ങളെ പല്ലക്കിലുമാണ് തിരിച്ചെഴുന്നള്ളിച്ചത്. വിഗ്രഹങ്ങൾ മറ്റന്നാൾ വൈകിട്ട് പത്മനാഭപുരത്ത് എത്തിയ ശേഷം മാതൃ ക്ഷേത്രങ്ങളിലേക്ക് മടങ്ങും.

❁❁❁❁❁❁❁❁❁❁

**മുന്തിരി വിളവെടുപ്പ്-ഇടുക്കി (ഇൻട്രോ)**

മുന്തിരി വിളവെടുപ്പ് തുടങ്ങിയതോടെ കേരളത്തിൽ നിന്ന് തമിഴ്നാട്ടിലെ കമ്പത്തേക്ക് എത്തുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. രാജ്യത്തെ പ്രധാന മുന്തിരി ഉല്പാദന കേന്ദ്രമായ തേനി ജില്ലയിലെ വിശേഷങ്ങളുമായി ആകാശവാണി ഇടക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........

(ഹോൾഡ് - വോയിസ്)

☸☸☸☸☸☸☸☸☸☸

**സ്വച്ഛത - ലക്ഷദ്വീപ്**

സ്വച്ഛ് സാഗർ - സ്വച്ഛ് അഭിയാൻറെ ഭാഗമായി ലക്ഷദ്വീപിൽ പ്രവർത്തിക്കുന്ന റിസർച്ച് ആൻറ് & എൻവയോൺമെൻറൽ എജ്യൂക്കേഷൻ ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ ദ്വീപുകളിൽ ലഗൂൺ ക്ലീനിംഗ് കാംബെയ്ൻ സംഘടിപ്പിച്ചു. കവരത്തി ദ്വീപിലെ കടലോരങ്ങളിൽ നിന്ന് നിരവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ മുങ്ങൽ വിദഗ്ദർ ശേഖരിച്ചു.
വനിതാ കൂട്ടായ്മകൾ, മത്സ്യത്തൊഴിലാളികൾ, മുങ്ങൽ വിദഗ്ദ്ധർ, വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധി പേർ യജ്ഞത്തിൽ പങ്കെടുത്തു.

RJU TVPM

☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸
☸☸☸